# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2988.

## 18.10.2016 ലെ മറുപടിക്ക്

**ആസ്തി വികസന ഫണ്ടിൽ നിന്നുള്ള മരാമത്ത് പണികൾക്ക് ഭരണാനുമതി**

| | ചോദ്യം<br>ശ്രീ.എം.എം. മണി | ഉത്തരം<br>ഡോ.ടി.എം. തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ആസ്തി വികസന ഫണ്ടിൽ നിന്നും മണ്ഡലത്തിലെ വിവിധ മരാമത്ത് പണികൾക്ക് ഭരണാനുമതി ലഭിക്കുന്നതിന് പ്രൊപ്പോസലുകൾ എവിടെയാണ് സമർപ്പിക്കേണ്ടത്; എന്തൊക്കെ രേഖകൾ ഇതോടൊപ്പം സമർപ്പിക്കണം എന്നതു സംബന്ധിച്ച വിശദാംശം നൽകാമോ; | ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്കായുള്ള എം.എൽ.എ മാരുടെ ശുപാർശകത്ത് ധനകാര്യ വകുപ്പിൽ സമർപ്പിക്കേണ്ടതാണ്. ധനകാര്യ വകുപ്പ് ആയത് പരിശോധിച്ച് ഇതിനായി വികസിപ്പിച്ച സോഫ്റ്റ് വെയർ മുഖാന്തിരം ബന്ധപ്പെട്ട ഭരണവകുപ്പിന് കൈമാറുന്നു. പദ്ധതികളുടെ വിശദമായ എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, ചെക്ക് ലിസ്റ്റ് എന്നിവ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർ/ വകുപ്പ തലവൻ മുഖാന്തിരം അതാത് ഭരണവകുപ്പിൽ ലഭ്യമാക്കേണ്ടതാണ്. |
| (ബി) | ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്തി ഭരണാനുമതി ലഭിക്കാവുന്ന പരമാവധി പ്രവർത്തികളുടെ എണ്ണം എത്രയാണ്; ഇതു സംബന്ധിച്ച് അവസാനമായി ഇറക്കിയിട്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | സ.ഉ.(പി) നം. 90/2015/ധന തീയതി 19.02.2015 പ്രകാരം ആസ്തി വികസന പദ്ധതിയിൻ കീഴിൽ ഒരു സാമ്പത്തിക വർഷം ഒരു എം.എൽ.എ യ്ക്ക് അനുവദിക്കാവുന്ന പരമാവധി പ്രവൃത്തികളുടെ എണ്ണം 15 ൽ നിന്നും 20 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി നൽകുന്നു. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

ധനകാര്യ വകുപ്പ് - നിയോജക മണ്ഡല ആസ്തി വികസന പദ്ധതി -25 ലക്ഷത്തിൽ കുറഞ്ഞ അടങ്കലിൽ അനുവദിക്കാവുന്ന പരമാവധി പ്രവൃത്തികളുടെ എണ്ണം വർദ്ധിപ്പിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (നോഡൽ സെന്റർ -ബി) വകുപ്പ്**

സ.ഉ (പി) നം. 90/2015/ധന തീയതി, തിരുവനന്തപുരം 19.02.2015

പരാമർശം :- 1. 11.06.2012 ലെ സ.ഉ (പി) നം. 332/2012/ധന.
2. 06.04.2013 ലെ സ.ഉ (പി) നം. 157/2013/ധന.
3. 15.11.2014 ലെ സ.ഉ(പി) നം. 505/2014/ധന.

**<u>ഉത്തരവ്</u>**

2012-13 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം ഓരോ എം.എൽ.എ മാർക്കും അവരവരുടെ നിയോജക മണ്ഡലത്തിൽ അഞ്ചു കോടി രൂപയുടെ ആസ്തി നിർമ്മാണ/വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് നിയോജക മണ്ഡല ആസ്തി വികസന പദ്ധതിക്ക് രൂപം നൽകുകയും സൂചന (1) ഉത്തരവ് പ്രകാരം ഇതിന്റെ വിനിയോഗം സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിക്കുകയുമുണ്ടായി.

സൂചന (3) ഉത്തരവ് പ്രകാരം ഒരു സാമ്പത്തിക വർഷം അനുവദനീയമായ 15 മരാമത്ത് പണികളിൽ ഏതെങ്കിലും രണ്ടെണ്ണം പത്തുലക്ഷത്തിൽ കുറയാതെയുള്ള അടങ്കലിൽ നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു.

എന്നാൽ ആസ്തി വികസന പദ്ധതി പ്രകാരം ഒരു സാമ്പത്തിക വർഷം അനുവദിക്കാവുന്ന പരമാവധി പ്രവർത്തികളുടെ എണ്ണം 15 ൽ നിന്നും 20 ആക്കി വർദ്ധിപ്പിക്കണമെന്നും പത്തു ലക്ഷത്തിൽ കുറയാതെയുള്ള അടങ്കലിൽ നടപ്പിലാക്കാവുന്ന പണികളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നുമുള്ള നിയമസഭാ സാമാജികരുടെ ആവശ്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഒരു സാമ്പത്തിക വർഷം അനുവദനീയമായ 15 മരാമത്ത് പ്രവർത്തികളുടെ എണ്ണം 20 ആയി വർദ്ധിപ്പിച്ചും ഇവയിൽ ഏതെങ്കിലും അഞ്ചെണ്ണം പത്തുലക്ഷത്തിൽ കുറയാതെയുള്ള അടങ്കലിൽ നടപ്പാക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**രബീന്ദ്രകുമാർ അഗർവാൾ**
സെക്രട്ടറി (ഫിനാൻസ് റിസോഴ്സസ്)